## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### മഴക്കുഴി നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *274 08.11.19- ൽ മറുപടി പറയേണ്ടത്

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ഡോ.എം.കെ.മുനീർ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ അനുമതിക്ക് മഴക്കുഴി നിർബന്ധമാക്കുന്ന വ്യവസ്ഥ ആലോചിക്കുന്നുണ്ടോ; | (എ) | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI-A (ചട്ടം 109 A, 109 B), 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI (ചട്ടം 101, 102) എന്നിവ പ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനും സംഭരണത്തിനുമുള്ള സംവിധാനങ്ങൾ നല്കിയിരിക്കണമെന്ന വ്യവസ്ഥയുണ്ട്. സമാനമായ വ്യവസ്ഥകൾ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ അദ്ധ്യായം XIV (ചട്ടം 76(1), 76(2)) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വീടുകളുടെ മുറ്റവും കോമ്പൗണ്ട് പൂർണ്ണമായും ടൈൽസ് ഇടുന്നതിനാൽ വെള്ളം വീടിന്റെ പരിസരത്ത് താഴാതെ പൂർണ്ണമായി ഒലിച്ചു പോകുന്ന അവസ്ഥ വർദ്ധിച്ചു വരുന്നതായി | (ബി)<br>&<br>(സി) | പ്ലോട്ടിനുള്ളിൽ തന്നെ മഴവെള്ളം താഴ്ന്ന് പോകാൻ തക്കവണ്ണം ആവശ്യമായ സ്ഥലം തറ പാകാതെ സൂക്ഷിക്കുകയോ അല്ലെങ്കിൽ ആവശ്യമായ തുറന്ന സ്ഥലങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്യേണ്ടതും വെള്ളം താഴ്ന്ന് പോകാൻ പ്രാപ്തമല്ലാത്ത |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; | | സാഹചര്യത്തിൽ മാത്രമേ അവിടെ നിന്നുള്ള മഴവെള്ളം പൊതു ഡ്രെയിനേജ് സംവിധാനവുമായി ബന്ധിപ്പിക്കാവൂ എന്ന് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 24(7)-ലും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27(7)-ലും പ്രതിപാദിച്ചിട്ടുണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 26(7) പ്രകാരം പ്ലോട്ടിലെ ആകെ തുറന്ന സ്ഥലത്തിന്റെ 50 ശതമാനമെങ്കിലും തറ പാകാതെ സൂക്ഷിക്കണമെന്നും അല്ലെങ്കിൽ മഴവെള്ളം താഴ്ന്ന് പോകാൻ സഹായിക്കുന്ന വിധത്തിലുള്ള മെറ്റീരിയൽ ഉപയോഗിച്ച് വേണം തറ പാകാനെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഇതുമൂലം ചെറിയ മഴ പെയ്താൽ പോലും ഇടവഴികളും റോഡുകളും വെള്ളത്തിലാകുന്ന അവസ്ഥയുണ്ടോ; | | |
| (ഡി) | വെള്ളപ്പൊക്കങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ എല്ലാത്തരം കെട്ടിട നിർമ്മാണങ്ങളിലും മഴക്കുഴി നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തയ്യാറാവുമോ: വിശദമാക്കുമോ? | (ഡി) | കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴ വെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനും സംഭരണത്തിനുമുള്ള സംവിധാനങ്ങൾ നല്കിയിരിക്കണമെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ